# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2346** **01/04/2013 ൽ മറുപടിക്ക്**

### കാൻസർ കെയർ പദ്ധതി

**ചോദ്യം**

ശ്രീ. പി.എ. മാധവൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. ഐ. സി. ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാൻസർ കെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) (ബി) & (സി) | സംസ്ഥാനത്ത് നിലവിൽ കാൻസർ സെന്ററുകളോ, മെഡിക്കൽ കോളേജുകളോ ഇല്ലാത്ത ഏഴ് തെരഞ്ഞെടുത്ത ജില്ലകളിലെ ജില്ല/ജനറൽ ആശുപത്രികളിൽ പുതിയ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനും, അങ്ങനെ ആരംഭിക്കുന്ന യൂണിറ്റുകളിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും എല്ലാ ജില്ലകളിലേയും ജില്ല/ജനറൽ ആശുപത്രികളിൽ ഓറൽ കാൻസർ നിർണ്ണയ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും കാൻസർ കെയർ പദ്ധതി വിഭാവന ചെയ്യുന്നു. എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഓറൽ കാൻസർ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിലേക്കായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ തുടങ്ങുന്നതിനും ഈ പദ്ധതിവഴി തുക അനുവദിച്ചിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അൾട്രാ ഡെനോഗ്രാം മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. സ്കൂൾ-കോളേജ് |
| (ബി) | ഏതൊക്കെ ആശുപത്രികളിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്കിടയിൽ കാൻസർ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പ്, സെമിനാറുകൾ എന്നിവ നടത്തുന്നതിനും തുക അനുവദിച്ച് പദ്ധതികൾ തയ്യാറാക്കി വരുന്നു. |
| (ഡി) | ഈ പദ്ധതിക്ക് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കാൻസർ കെയർ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനായി 1,66,50,000/- (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.<br>കൂടാതെ കാസർഗോഡ്, കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, പാലക്കാട് എന്നീ ഏഴ് ജില്ലകളിലെ ജില്ല/ജനറൽ ആശുപത്രികളിൽ പുതിയ കാൻസർ കെയർ യൂണിറ്റുകളിലേക്ക് ആവശ്യമായ കാൻസർ മരുന്നുകൾ വാങ്ങുന്നതിലേക്കായി 280 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് (40 ലക്ഷം രൂപ വീതം). കൂടാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് ഒരു മാമോഗ്രാഫി മെഷീൻ വാങ്ങുന്നതിലേക്കായി 45,00,000/- (നാൽപത്തി അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ